# കേരള സർക്കാർ
## സംഗ്രഹം

വനം, വന്യജീവി വകുപ്പ്- 25-10-83ൽ ബാവലി ഡിപ്പോയിൽ നടന്ന തടി ലേലം- ശ്രീ. വി.വി. മജീദ്, കൊടിഞ്ഞി പോസ്റ്റ്, തിരൂരങ്ങാടി എന്നയാളെ സ്ഥിരമായി ബ്ലാക്ക് ലിസ്റ്റ് ചെയ്ത് ഉത്തരവാകുന്നു.

---

വനം, വന്യജീവി (ബി) വകുപ്പ്.

ജി.ഒ. (ആർ.റ്റി) 292/99/ വനം. തിരുവനന്തപുരം, തീയതി 20.7.99

---

പരാമർശം:- 1. ജി.ഒ. (ആർ.റ്റി) 239/98/ വനം തീയതി 23.5.98
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 1.7.99 ലെ എഫ്.യു. (3) 37559/ നം. കത്ത്.

**<u>ഉത്തരവ്</u>**

21.6.83ൽ ബാവലി ഡിപ്പോയിൽ നടന്ന തടി ലേലത്തിൽ വിഭവങ്ങൾ ലേലം കൊണ്ട ശ്രീ. വി.വി. മജീദ് എന്നയാൾ യഥാസമയം പണമടച്ച് അവ നീക്കം ചെയ്യാതിരുന്ന സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുകയും പുനർ ലേലത്തിൽ 27,331 രൂ നഷ്ടമുണ്ടാവുകയും ചെയ്തിരുന്നു. നഷ്ടസംഖ്യ ആദ്യക്കാരിൽ നിന്നും ഈടാക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത തുക എഴുതിത്തള്ളി ഉത്തരവാകുകയുണ്ടായി. പിന്നീട് ശ്രീ. മജീദിനെ ബ്ലാക്ക് ലിസ്റ്റു ചെയ്യുന്നതിന്റെ ഭാഗമായി അയച്ച കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയെങ്കിലും ടിയാനിൽ നിന്നും പ്രതികരണമൊന്നുമുണ്ടാകാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ശ്രീ. മജീദിന് ഒന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ ടിയാനെ സർക്കാരിന്റെ ഇടപാടുകളിൽ നിന്നും സ്ഥിരമായി ബ്ളാക്ക് ലിസ്റ്റു ചെയ്യണമെന്ന് രണ്ടാം പരാമർശ കത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശു ാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.വി.വി. മജീദ്, കൊടിഞ്ഞി പോസ്റ്റ്, തിരൂരങ്ങാടി എന്നയാളെ സർക്കാർ ഇടപാടുകളിൽ നിന്നും സ്ഥിരമായി ബ്ലാക്ക് ലിസ്റ്റു ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. സൂസമ്മ

അണ്ടർ സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) തിരുവനന്തപുരം.

<u>മേലെഴുത്ത് നം. എഫ്.യു(3) 37559/98 തീയതി. 28-7-99</u>

പകർപ്പ :- കോഴിക്കോട് കൺസർവേറ്റർക്ക് അനന്തര നടപടിക്കു വേണ്ടി അയക്കുന്നു.
(താങ്കളുടെ കത്ത് നം. എ2-13316/94 തീയതി 29.6.99)

പകർപ്പ്:- എല്ലാ ടിമ്പർ സെയിൽസ് ഡിവിഷൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അറിവിനായി അയക്കുന്നു.

പകർപ്പ്:- കൺസർവേറ്റർ കൊല്ലം/ കോട്ടയം/ പാലക്കാട്/ തൃശൂർ/ അഗസ്ത്യ വനം ബയോളജിക്കൽ പാർക്ക് അറിവിലേക്കായി അയക്കുന്നു.

ഒപ്പ്

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

ഫോറസ്റ്റ് കൺസർവേറ്റർ ആഫീസ്,
സെൻട്രൽ സർക്കിൾ, തൃശൂർ-20

<u>ഇണ്ടാസ് നം. എ1-6056/99 തീയതി 30--08--99</u>

പകർപ്പ്:- എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും അറിവിലേക്ക് അയക്കുന്നു.

പകർപ്പ്:- ടി.ആർ/ സി എച്ച് /വിസി/എം.എൽ സെക്ഷനിലേക്ക്

പകർപ്പ്:- സ്റ്റോക്ക് ഫയലിലേക്ക്.

(ഒപ്പ്)

കൺസർവേറ്റർക്ക് വേണ്ടി

അംഗീകാരത്തോടെ

സൂപ്രണ്ട്